# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3100 — 15.12.2015 ൽ മറുപടിയ്ക്ക്

### സംസ്ഥാനത്ത് വിലക്കയറ്റം

**ചോദ്യം**

ശ്രീ. കെ.വി. വിജയദാസ്

**ഉത്തരം**

ശ്രീ. അനൂപ് ജേക്കബ്
(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്ത് വിലക്കയറ്റം ഉണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(എ) ചില പരിപ്പ് ഇനങ്ങൾക്ക് മാത്രം വില വർദ്ധനവ് ഉണ്ടായിട്ടുണ്ട്. കേരളം ഒരു ഉപഭോക്തൃ സംസ്ഥാനമാണ്. അന്യ സംസ്ഥാനങ്ങളിലുണ്ടാകുന്ന അവശ്യ സാധനങ്ങളുടെ ദൗർലഭ്യം, വിളനാശം, കാലാവസ്ഥാ വ്യതിയാനം, കടത്തുകൂലി വർദ്ധനവ് മുതലായ കാരണങ്ങളാലാണിത്.

(ബി) വിലക്കയറ്റം നിയന്ത്രിക്കുന്നതിനായി പ്ലാൻ &നോൺ പ്ലാൻ ഫണ്ടിൽ നിന്നും എത്ര കോടി രൂപ ചെലവഴിച്ചിട്ടുണ്ട്; പ്രസ്തുത ആവശ്യത്തിനായി അനുവദിച്ചതും ചെലവഴിച്ചതുമായ തുകയുടെ വിശദവിവരം നൽകുമോ;

(ബി) 2011-12 സാമ്പത്തിക വർഷം വിലക്കയറ്റം തടയുന്നതിനുള്ള പരിപാടിയ്ക്കായി ഒറ്റത്തവണ പദ്ധതി സഹായമായി 80.25 കോടി രൂപ അനുവദിച്ചിരുന്നു. കൂടാതെ 50.00 കോടി രൂപ നോൺ പ്ലാൻ ഫണ്ടിൽ നിന്നും അനുവദിച്ചിരുന്നു. പ്രസ്തുത തുക മുഴുവൻ ചെലവഴിച്ചിട്ടുണ്ട്.

2012-13 സാമ്പത്തിക വർഷം മുതൽ മാർക്കറ്റിടപെടൽ പദ്ധതിയ്ക്കായി സപ്ലൈകോ ചെലവഴിച്ച തുകയും സർക്കാരിൽ നിന്ന് നോൺ പ്ലാൻ ഫണ്ടിൽ നിന്നും നൽകിയ ധനസഹായം സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | ചെലവഴിച്ച തുക (കോടി രൂപ) | സർക്കാർ നൽകിയ ധന സഹായം (കോടി രൂപ) |
|---|---|---|
| 2012-13 | 288.55 | 135.00 |
| 2013-14 | 320.79 | 116.02 |
| 2014-15 | 257.78 | 70.00 |
| 2015-16 (സെപ്റ്റംബർ വരെ) | 110.23 | 64.00 |

| | |
|---|---|
| (സി) 2014-2015 വർഷം പ്രസ്തുത ആവശ്യത്തിനായി വകുപ്പ് പദ്ധതിച്ചെലവിന്റെ 28% മാത്രമാണ് വിനിയോഗിച്ചിട്ടുള്ളതെന്ന ധനവകുപ്പിന്റെ വെളിപ്പെടുത്തൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; വിലക്കയറ്റം രൂക്ഷമായിട്ടുള്ള സാഹചര്യത്തിൽ പ്രസ്തുത നടപടി സർക്കാരിന്റെ വീഴ്ചയായി കാണുന്നുണ്ടോ; വ്യക്തമാക്കുമോ ? | (സി) 2014-2015 സാമ്പത്തിക വർഷം വിലക്കയറ്റം നിയന്ത്രിക്കുന്നതിന് പദ്ധതി വിഹിതമായി തുക അനുവദിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ